(എ) 1999 ജൂൺ 1 മുതൽ ജൂലൈ 7 വരെയുള്ള തീയതികളിൽ മന്ത്രിമാരുടെയും ചീഫ് സെക്രട്ടറിയുടെയും ഉപയോഗത്തിനായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇതിൽ മിറ്റ്സുബിഷിലാൻസർ, ഫോർഡ് എസ്കോർട്ട്, ഓപ്പൽ ആസ്ട്ര, ബെൻസ്, ഫിയറ്റ്, അംബാസിഡർ തുടങ്ങിയവ എത്രവീതമാണ് വാങ്ങിയിട്ടുള്ളത്;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഈ തീരുമാനം റദ്ദാക്കണമെന്ന് പ്രതിപക്ഷത്തുള്ള ഏതെങ്കിലും എം.എൽ.എ.മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 1999 ജൂൺ1 മുതൽ ജൂലൈ 7 വരെയുള്ള തീയതികളിൽ മന്ത്രിമാരുടെയും ചീഫ് സെക്രട്ടറിയുടെയും ഉപയോഗത്തിനായി വാഹനങ്ങൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ ഉപയോഗത്തിനായി 82.76 ലക്ഷം രൂപക്ക് 15 കാറുകൾ വാങ്ങാൻ ഉത്തരവായിട്ടുണ്ട്.

(ബി)-(ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

18 (3344) കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. വി. ബാലറാം :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ.യിൽ മാർച്ച് മാസത്തിൽ നടത്തിയ ബിസിനസ്സ് റിവ്യൂവിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നല്കപ്പെട്ട 300 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവു വന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.എഫ്.ഇ.യിൽ നിലവിലുള്ള അസിസ്റ്റന്റുമാരെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്, സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് എന്നിങ്ങനെ തരംതിരിച്ച് 7:7:3 എന്ന അനുപാതത്തിൽ നിശ്ചയിച്ചിരിക്കുന്നതിനാൽ പ്രസ്തുത അനുപാതം നിലനിറുത്തുന്നതിനുവേണ്ടി നല്കുന്ന പ്രൊമോഷൻ മൂലം പുതിയ ഒഴിവുകൾ ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly